LIBRARY ARCHIVES Kerala Legislative Assembly

ഭിക്ഷാടന മാഫിയയെ തടയുന്നതിന് നിയമ നിർമ്മാണം

84 [806] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ചില മാഫിയകൾ ഭിക്ഷാടകരെ സംഘടിതമായി ഉപയോഗിച്ച് പണം സമ്പാദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളെ തട്ടിക്കൊണ്ടുവന്ന് അംഗവൈകല്യം വരുത്തി ഭിക്ഷാടനം നടത്തുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഭിക്ഷാടന മാഫിയയെ തടയുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനുത്തരവാദികൾ ആകുന്നവരുടെ പേരിൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 24 അനുസരിച്ച് കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നവർ ശിക്ഷാർഹമായ കുറ്റമാണ് ചെയ്യുന്നത്. ഇത്തരക്കാരെ വാറണ്ടില്ലാതെ തന്നെ അറസ്റ്റു ചെയ്ത് മേൽനടപടികൾ സ്വീകരിക്കുവാൻ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 27 പ്രകാരം പോലീസിന് അധികാരമുണ്ട്.

കായംകുളം പോലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ

85 [807] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് ക്വാർട്ടേഴ്സ് നർമ്മിച്ചതെന്നാണെന്നും, കാലാകാലങ്ങളിൽ ഇതിന്റെ അറ്റകുറ്റപ്പണി നിർവ്വഹിക്കാറുണ്ടോയെന്നും ഏറ്റവും ഒടുവിൽ അതിന്റെ അറ്റകുറ്റപ്പണി നികത്തിയതെന്നാണെന്നും വ്യക്തമാക്കാമോ;

(ബി) അതിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥയെപ്പറ്റി അന്വേഷിച്ച് അതിന്റെ അറ്റകുറ്റപ്പണി നടത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കായംകുളം പോലീസ് ക്വാർട്ടേഴ്സ് നർമ്മിച്ചത് 1975-ലാണ്. ഈ കെട്ടിടങ്ങളിൽ 2002-ൽ 8 എണ്ണത്തിൽ ഇലക്ട്രിക് റീവയറിംഗ് നടത്തിയിട്ടുണ്ട്. മറ്റ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല.

(ബി) കായംകുളം പോലീസ് ക്വാർട്ടേഴ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.